# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3195 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വഴിയോര കച്ചവടക്കാരുടെ പുനരധിവാസം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.ഉമ്മർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കാമോ; | (എ) | വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ ഭാഗമായി 54 നഗരങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു നഗരങ്ങളിൽ സർവ്വേ നടപടി പൂർത്തീകരിച്ചുവരുന്നു. 2 നഗരങ്ങളിൽ വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.<br>വഴിയോര കച്ചവട നിയമം സംബന്ധിച്ച് കേരളത്തിലെ എല്ലാ നഗരസഭാ ചെയർമാൻമാർക്കും നഗരസഭാ സെക്രട്ടറിമാർക്കും മൂന്നു ജില്ലകളെ കേന്ദ്രീകരിച്ച് മേഖലാതല പരിശീലനം നൽകിയിട്ടുണ്ട്. വഴിയോര കച്ചവട നിയമവും അവരുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സമിതി, ജില്ലാതല സമിതി, നഗരസഭയിലെ ടൗൺ വെന്റിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) | ദേശീയ ജീവനോപാധി ദൗത്യം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ദേശീയ ജീവനോപാധി ദൗത്യം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:-<br>1) സംസ്ഥാനതലത്തിലും നഗര തലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ വിന്യസിച്ച് പദ്ധതി ഊർജ്ജിതമായി നടപ്പാക്കി വരുന്നു.<br>2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പദ്ധതി സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>3) ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 14 നഗരസഭകളിൽ 2015 മെയ് മാസം മുതലും 2016 നവംബർ 1-മുതൽ രണ്ടാം ഘട്ടമായി മറ്റെല്ലാ നഗരസഭകളേയും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>4) പുതുതായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും അർഹരായ അയൽക്കൂട്ടങ്ങൾക്കും എഡിഎസ്സിനും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും നടപടി സ്വീകരിച്ചു.<br>കൂടാതെ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലെടുക്കാൻ സന്നദ്ധരായവർക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകി തൊഴിൽ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രസർക്കാർ 2014 -ൽ പുറപ്പെടുവിച്ച വഴിയോര കച്ചവട (നിയന്ത്രണവും ജീവനോപാധി സംരക്ഷണവും) ആക്റ്റിന്റെ അടിസ്ഥാനത്തിൽ ചട്ടവും സ്കീമും പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2014-ലെ വഴിയോരകച്ചവട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനതല കരട് ചട്ടവും സ്കീമും അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ